സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 9-14

പാലൈ
PALAI பாலை
ISSN No: 3049-0316

# ചലച്ചിത്രനിരൂപണത്തിന്റെ പുതുവഴികൾ



**ഡോ. ജൈനിമോൾ കെ.വി.***

**സംഗ്രഹം**

മലയാള വൈജ്ഞാനികസാഹിത്യത്തിലെ പ്രബലമായ ശാഖയാണ് ചലച്ചിത്രനിരൂപണം. സിനിമ എക്കാലവും ഒരു സംവാദവിഷയമാണ്. ദൃശ്യമാധ്യമങ്ങളിലെ സംവാദങ്ങളും സൈബറിടത്തിലെ നിരൂപണങ്ങളും ചേർന്ന് ഈ രംഗത്ത് ഒരു നൃൂജനറേഷൻ തരംഗം ഉണ്ടായിട്ടുണ്ട്. കലാസാംസ്കാരിക നിരൂപണങ്ങൾ വംശനാശത്തെ അഭിമുഖീകരിക്കുന്ന കാലഘട്ടത്തിലാണ് ഓൺലൈൻ നിരൂപണങ്ങൾ കടന്നുവന്നത്. ഡിജിറ്റൽ യുഗത്തിൽ ഈ വിമർശനത്തിന്റെ മൂല്യവും സാധ്യതകളും അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** സൈബർ- സൈബർ സംസ്കാരം - പൊതുമണ്ഡലം - ഡിജിറ്റൽ യുഗം - ചലച്ചിത്ര നിരൂപണം

"ഉത്തരാധുനിക മാധ്യമങ്ങൾ നവമാധ്യമങ്ങൾ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന സൈബർ മാധ്യമങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരാധുനിക സമൂഹം നിർവചിക്കപ്പെടുന്നത്. 1980 കൾ മുതൽ നിലവിൽ വന്ന വിവരങ്ങളുടെ ഉൽപ്പാദനത്തിൽ അധിഷ്ഠിതമായ ഈ സമൂഹത്തെ 'ജാലസമൂഹം' (Network Society) എന്ന് മാനുവൽ കാസ്റ്റെൽസ് വിശേഷിപ്പിച്ചിരിക്കുന്നു. ഈ ജാലസമൂഹം ആഗോളവ്യാപിയും ശൃംഖലകളിൽ ബന്ധിതവുമാണ്." (സുനീത ടി.വി. 2015:52) മാധ്യമങ്ങളുടെ അതിപ്രസരം, വിവരസാങ്കേതികവിദ്യാ കമ്മ്യൂണിക്കേഷൻശൃംഖലകൾ എന്നിവയൊരുക്കുന്ന പുത്തൻ അനുഭവ ലോകത്തെയാണ് ബോദ്രിലാദ് ആധുനികോത്തരതയുടെ അടിസ്ഥാനമായി കണ്ടത്.

ആധുനികാനന്തര സമൂഹം നവമാധ്യമ കേന്ദ്രിതമാണ്. ഇന്റർനെറ്റ്, വെബ്സൈറ്റുകൾ, ഫെയ്സ്ബുക്ക്, യൂട്യൂബ്, ബ്ലോഗുകൾ തുടങ്ങിയവ എല്ലാ വ്യവഹാരമണ്ഡലങ്ങളിലും പങ്കാളിത്ത വിനിമയത്തിനും സംവാദത്തിനുമുള്ള ജനകീയ വേദികളാക്കി മാറ്റി. ഇടപെടൽ ശേഷി (Interactivity), പ്രതീതിപരത (Virtuality), സത്വരത (Iimmediacy), ബഹുമാധ്യമപരത (Multimedia), പങ്കാളിത്ത ഉള്ളടക്ക നിർമ്മിതി (User Generated Content), ഡിജിറ്റലീകരണം (Digitalization) തുടങ്ങിയ സാധ്യതകളാണ് നവമാധ്യമങ്ങളുടെ പ്രത്യേകതകൾ. ഓൺലൈനിലൂടെ സിനിമാ നിരൂപണം നടത്തുന്നവർ ഈ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നു.

* അസിസ്റ്റന്റ് പ്രൊഫസർ, സി.എ.എസ്. കോളേജ്, മാടായി. ഫോൺ: 9995097213
ഇമെയിൽ: jainyramesh@gmail.com

വാല്യം 1 ലക്കം 3 മാർച്ച് 2025 ISSN No: 3049-0316


പ്രിന്റ് മീഡിയയിൽ നിന്ന് ഡിജിറ്റൽ മീഡിയയിലേക്കുള്ള പരിവർത്തനം പാശ്ചാത്യനാടുകളിൽ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. പ്രാദേശികം, ദേശീയം, അന്തർദേശീയം എന്നിങ്ങനെ പ്രേക്ഷകരെ പ്രത്യേകം പ്രത്യേകം അഭിസംബോധനചെയ്യുന്ന ബഹുസ്വരമാധ്യമങ്ങളുടെ അവസാനത്തിന് ഈ നാടുകൾ സാക്ഷ്യം വഹിച്ചുകഴിഞ്ഞു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ വലിയ മാധ്യമഗ്രൂപ്പുകളായ കാൻവെസ്റ്റ്ഗ്ലോബൽ (Canwest Global), ഫ്രാങ്ക്ഫർട്ടർറണ്ട്സ് ചൗ (FrankfurterRundschau), ഫ്രീഡം കമ്മ്യൂണിക്കേഷൻസ് (Freedom Communications), ജേർണൽ രജിസ്റ്റർ കമ്പനി (The Journal Register Company), മിനിയാ പൊളിസ് സ്റ്റാർ ട്രിബ്യൂൺ (The Minneapolis star tribune), സൺടൈംസ് മീഡിയ ഗ്രൂപ്പ് (Sun-Times Media Group) എന്നിവ കഴിഞ്ഞ കുറച്ചുവർഷങ്ങളായി പാപ്പരായി. പ്രാദേശിക പത്രങ്ങൾ ലയിക്കുകയോ ഇല്ലാതാവുകയോ ചെയ്യുന്നു. ചിലർ ചുരുക്കം ചില ജോലിക്കാരുമായി ഇഴഞ്ഞു നീങ്ങി. ഇത്തരം സ്ഥാപനപരമായ പ്രതിസന്ധിയാണ് വിമർശനപ്രതിസന്ധിക്കു മുഖ്യഘടകമായി മറ്റിയാസ് ഫ്രെ (Mattias Frey) ചൂണ്ടിക്കാട്ടുന്നത്. ന്യൂസ് പേപ്പർ ഡെത്ത് വാച്ച് പോലുള്ള പരിപാടികൾക്ക് തുടക്കം കുറിച്ചതിനുള്ള കാരണവും ഇതാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

കലാസൃഷ്ടികളുടെ മൂല്യനിർണ്ണയം, പ്രോത്സാഹനം, വിശദീകരണം എന്ന മട്ടിലുള്ള പരമ്പരാഗത നിരൂപണങ്ങൾക്കു വെല്ലുവിളികൾ ഉയർത്തിക്കൊണ്ടാണ് ഇന്റർനെറ്റിലൂടെയുള്ള നിരൂപണങ്ങൾ കടന്നുവരുന്നത്. ഒരു തൊഴിൽ എന്ന നിലയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ റിവ്യൂകൾ എഴുതുന്നവരും ധാരാളമുണ്ട്. ഡിജിറ്റൽ മീഡിയയുടെ വികാസത്തിലും പരമ്പരാഗത മാധ്യമസ്ഥാപനങ്ങളുടെ പരിവർത്തനത്തിലും ചലച്ചിത്ര നിരൂപകന്റെ നില എന്താണ് എന്നതും ആലോചിക്കേണ്ട വിഷയമാണ്. മക്ഡോണാൾഡിന്റെ ഡെത്ത് ഓഫ് ദി ക്രിട്ടിക്ക് എന്ന കൃതി അക്കാദമിക നിരൂപണത്തിലെ നിരൂപകന്റെ അഭാവത്തെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. ആഴത്തിലുള്ള ക്രിട്ടിസിസം ഇന്ന് ഇല്ലാതായിരിക്കുന്നു. ശുദ്ധകല അധമകല എന്നത് വേർതിരിച്ചറിയാൻ ഒരു വിമർശകന്റെ സഹായം കൂടിയേ തീരൂ. വിമർശനത്തിന്റെ പ്രതിസന്ധിയെക്കുറിച്ചും പഴയ വിമർശനരീതി തിരിച്ചുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ടെറി ഈഗിൾട്ടണും ഇങ്ങനെ പറയുന്നുണ്ട്. “പൊതുമണ്ഡലത്തിന്റെ തകർച്ചയോടെ, വിമർശനത്തിന്റെ പരമ്പരാഗത അധികാരം ആർക്കാണ് എന്നത് ഗുരുതരമായിചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടമാണിത്; ആ അധികാരത്തിന്റെ ഒരു സ്ഥിരീകരണം അടിയന്തിരമായി ആവശ്യമാണ്” (Eagleton 2005:103). വിമർശനത്തിന്റെ പ്രതിസന്ധിയെക്കുറിച്ച് Death of the critic ൽ മക് ഡൊണാൾഡ് വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വിമർശകന് അവന്റെ അല്ലെങ്കിൽ അവളുടെ ബഹുമാനത്തിന്റെ പ്രഭാവലയം നഷ്ടപ്പെട്ടു. ആളുകൾ പ്രതീക്ഷയോടെ നോക്കിക്കണ്ടിരുന്ന ആ വിമർശകസാന്നിധ്യം ഇപ്പോഴില്ല. പകരം നിലവിലുള്ളത് വായനക്കാരന്റെ താല്പര്യങ്ങൾക്കും മുൻവിധികൾക്കുമൊപ്പമാടുന്ന വെറും പപ്പറ്റുകൾ മാത്രമാണെന്നും അദ്ദേഹം പറയുന്നു. എഫ്.ആർ. ലിവിസിനെയോ ലയണൽ ടെല്ലിംഗിനെയോ പോലെ അവർ വായനക്കാരുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുന്നില്ല. നിരൂപകൻ ഒരു മധ്യസ്ഥനായി രൂപാന്തരപ്പെടേണ്ടതിനെക്കുറിച്ച് മക് ഡൊണാൾഡ് ഇങ്ങനെ പറയുന്നു: “പ്രേക്ഷകരുടെ മുൻവിധികളെ വെല്ലുവിളിക്കുന്നതിനുപകരം വിമർശകൻ അവർക്ക് വഴികാട്ടിയായി മാറുകയാണ് വേണ്ടത്. വായനക്കാരനും ആശയവിനിമയത്തിനുമിടയിൽ മധ്യസ്ഥത വഹിക്കുക എന്നതാണ് നിരൂപക ധർമ്മം.” (McDonald 2008 :11) എന്നാൽ അക്കാദമിക നിരൂപണവും ജേർണലിസ്റ്റിക് നിരൂപണവും ഈ ധർമ്മത്തിൽ നിന്ന് കൂടുതലായി വ്യതിചലിച്ചു. ഈ ശൂന്യതയെ അക്കാദമിക് വിദഗ്ധരല്ലാത്ത ഒരു കൂട്ടം ബ്ലോഗർമാരും ഓൺലൈൻ എഴുത്തുകാരുമൊക്കെ ചേർന്ന് മാറ്റി സ്ഥാപിച്ചു.

എങ്ങനെയാണ് നവമാധ്യമങ്ങൾ സിനിമാവിമർശനത്തെ പൂർണ്ണമായും പൊളിച്ചെഴുതിയത് എന്ന അന്വേഷണത്തിനു പ്രസക്തിയുണ്ട്. ഡിജിറ്റൽ യുഗത്തിൽ സിനിമാനിരൂപണം നൽകുന്ന പുതിയ സാധ്യതകൾ കണക്കിലെടുക്കാതിരുന്നുകൂടാ. പുതിയ ചലച്ചിത്രനിരൂപണം ഡിജിറ്റൽ സാങ്കേതികതയുടെ നൂതനമായ വഴികൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ റിവ്യൂകളും ട്വീറ്റുകളും സിനിമകളോട് ഉടനടി പ്രതികരിക്കുന്നു. ഓൺലൈൻ അവലോകനങ്ങളും വിമർശനങ്ങളും ദ്വിമുഖമുള്ള പങ്കാളിത്ത വിനിമയത്തിന്റെ (Interactive) സാധ്യതകൾ തുറന്നിടുന്നു. ചെറിയ ടാബ്ലോയിഡ് ഫോർമാറ്റുകളിലേക്കുള്ള മാറ്റത്തിൽ പ്രിന്റ് കോളങ്ങൾ ചുരുങ്ങിക്കൊണ്ടേയിരിക്കുന്നു. ഇഷ്യൂ എഡിറ്റർമാരുടെയോ സബ് എഡിറ്റർമാരുടെയോ അനുവാദങ്ങൾക്ക് കാത്തുനിൽക്കാതെ വിമർശകർക്ക് കൂടുതൽ സ്വാതന്ത്ര്യത്തോടെ എഴുതാനും സിനിമയുടെ കൂടുതൽ വശങ്ങൾ പരിഗണിക്കാനും ഓൺലൈനിൽ അവസരമുണ്ട്.

ഡിജിറ്റൽ യുഗത്തിൽ കാഴ്ചക്കാരന് വെബ്സൈറ്റ്, ഓൺലൈൻ ട്രെയിലറുകൾ, അവലോകനങ്ങൾ, തുടങ്ങിയവയിലൂടെ സിനിമയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ സാധിക്കും. കാഴ്ചക്കാരനു ലഭ്യമായ വിവരങ്ങളുടെ ഈ പ്രവാഹത്തിനോടൊപ്പം വിമർശകൻ മത്സരിക്കണം. സിനിമാ നിരൂപകരുടെ ഡസൻ കണക്കിന് ട്വീറ്റുകളും ആസ്വാദനക്കുറിപ്പുകളും വായിക്കാൻ ഒരാൾക്ക് അവസരമുണ്ട്. അമേരിക്കയിൽ Mark Kermode, Nick James, A.O .Scott, Peter Bradshaw, Leonard Mal tin, Jonathan Rosenbaum, Carrie Rickey എന്നിവർ സജീവമായി ട്വീറ്റ് ചെയ്യുന്ന നൂറുകണക്കിന് പ്രൊഫഷണൽ ചലച്ചിത്ര നിരൂപകരിൽ ഒരുപിടി മാത്രമാണ്. കൂടാതെ ആയിരക്കണക്കിന് സാധാരണക്കാരുടെ ട്വീറ്റുകൾ വേറെയും ഉണ്ട്. മലയാളത്തിൽ ട്വീറ്റ് സംസ്കാരം പ്രചാരത്തിലെത്തിയിട്ടില്ല. പകരം ഫെയ്സ്ബുക്ക്, യൂട്യൂബ്, വെബ് പോർട്ടലുകൾ തുടങ്ങിയവയിലൂടെ സിനിമാചർച്ചകളും സംവാദങ്ങളും സജീവമാണ്. പ്രതിമാസ പുസ്തകങ്ങളിലൂടെ മാത്രം സിനിമകളെക്കുറിച്ച് വായിച്ചിരുന്ന നാളുകളിൽ നിന്ന് ബഹുദൂരം മുന്നോട്ട് പോയിരിക്കുന്നു. ദിനപത്രങ്ങൾ പോലും കൂടുതൽ നൂതനമായ, വിനോദ വാർത്തകൾ അവരുടെ ഓൺലൈൻ എഡിഷനിലൂടെ നൽകിത്തുടങ്ങി. ഒരു സിനിമയെ ഓരോ കാലത്തും വിലയിരുത്തുമ്പോൾ എങ്ങനെ മാറുമെന്ന് ഓൺലൈൻ നിരൂപകരുടെ അവലോകനം ശ്രദ്ധിച്ചാൽ മനസ്സിലാകും. ഈ പുനരവലോകനങ്ങൾ ഒരു ചെലവും കൂടാതെ പ്രേക്ഷകർക്ക് / വായനക്കാർക്ക് ലഭിക്കുന്നു. പുതിയ ചലച്ചിത്ര നിരൂപണം പഴയ സിനിമകളെ വ്യത്യസ്തമായി വായിക്കുന്നുണ്ട്. ഏറ്റവും മികച്ച രീതിയിൽ ഓർമ്മിക്കപ്പെടേണ്ട സിനിമകൾ, കാലത്തോടൊപ്പം ദഹിപ്പിച്ചുകളയേണ്ട സിനിമകൾ എന്നിങ്ങനെ ഈ പഠനങ്ങൾ അവയെ വേർതിരിക്കുന്നു. ഡിജിറ്റൽ മീഡിയ സിനിമയെ അതേ മാധ്യമത്തിലൂടെ എളുപ്പത്തിൽ അവലോകനത്തിനോ വിമർശനത്തിനോ വിധേയമാക്കാൻ പ്രാപ്തമാക്കുന്നു. ഓൺലൈൻ പത്രപ്രവർത്തകർക്ക് സിനിമയുടെ ട്രെയിലറോ ക്ലിപ്പോ ഉൾപ്പെടുത്താൻ ഒരു പ്രയാസവുമില്ല. ഏതെങ്കിലും കാര്യം വ്യക്തമാക്കാൻ ഓൺലൈൻ ക്രിട്ടിക്കുകൾക്ക് ഒരു വീഡിയോ അവലോകനത്തിലൂടെ സാധിക്കും. ഒരു ലളിതമായ ക്ലിക്കിലൂടെ, (മിക്കപ്പോഴും പണമടയ്ക്കാതെയും) അമേരിക്ക, ജർമ്മനി, ജപ്പാൻ, ബ്രസീൽ, കൊറിയ എന്നിവിടങ്ങളിൽ നിന്നുള്ള ഏതെങ്കിലും സിനിമയെക്കുറിച്ചുള്ള നിരൂപകരുടെ ചിന്തകൾ ആക്സസ് ചെയ്യാനും ഇന്ന് സാധിക്കും.

പൊതുവെ സൈബർ നിരൂപകരുടെ ഉദ്ദേശ്യത്തെയും മൂല്യത്തെക്കുറിച്ചും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉയർന്നുവരുന്നുണ്ട്. മക്ഡൊണാൾഡ് പറയുന്നു: "എഴുത്തിന്റെ തെറ്റായ ജനകീയവൽക്കരണത്തിന് വഴി തുറന്നിരിക്കുകയാണ്. ഛിന്നഭിന്നമായ പൊതുമണ്ഡലത്തിൽ നിലകൊള്ളുന്ന ഇവരെ വെല്ലുവിളിക്കാനും വായനക്കാരുമായി ആശയവിനിമയം നടത്താനും യുക്തിസഹമായ വെല്ലുവിളികളിലേക്ക് നയിക്കാനും ആധികാരികവിമർശകർ ഉണ്ടാകേണ്ടതുണ്ട്." (McDonald 2008:9) പോളിൻ കെയ്ലിനെപ്പോലുള്ളവർ ഡിജിറ്റൽ നിരൂപണത്തിന്റെ ശാശ്വതത്വമില്ലായ്മയെക്കുറിച്ചാണു പറയുന്നത്. എന്നാൽ സിനിമയ്ക്ക് ശാശ്വതമായ വിലയിരുത്തൽ എന്നൊന്നില്ല. സിനിമയുടെ അർത്ഥം കാലത്തിനനുസരിച്ചും ചരിത്രഗതിക്കനുസരിച്ചും മാറുന്നുണ്ട് എന്ന് പഴയകാല സിനിമകളുടെ പുനരവലോകനങ്ങൾ തെളിയിക്കുന്നു. ചലച്ചിത്രസിദ്ധാന്തത്തിനോ ചരിത്രത്തിനോ കിട്ടുന്നതിനേക്കാൾ ഗൗരവമായ ശ്രദ്ധയും ഇന്ന് ചലച്ചിത്ര നിരൂപണത്തിനു ലഭിക്കുന്നുണ്ട്.

## മലയാളസിനിമാ നിരൂപണത്തിന്റെ വഴികൾ

പ്രധാനമായും രണ്ട് രീതിയിലുള്ള നിരൂപണമാണ് ചലച്ചിത്രത്തെ സംബന്ധിച്ചുള്ളത്. ജേർണലിസ്റ്റിക് ക്രിട്ടിസിസവും അക്കാദമിക ക്രിട്ടിസിസവും. ഇതിൽ അക്കാദമിക ക്രിട്ടിസിസം മലയാളത്തിൽ കുറവാണ്. സിനിമയെക്കുറിച്ചുള്ള ഗഹനമായ പഠനങ്ങളോ വിവിധ സമീപന രീതികളോ അക്കാദമികലോകത്തിന്റെ ശ്രദ്ധയിൽ ഇനിയും വന്നിട്ടില്ല. ഈ ശൂന്യതയ്ക്ക് അല്പമെങ്കിലും പരിഹാരമേകാൻ ഓൺലൈൻ എഴുത്തുകാർക്ക് സാധിക്കുന്നുണ്ട്.

കോഴിക്കോടൻ (കെ. അപ്പുക്കുട്ടൻ നായർ), സിനിക്ക്, അശ്വതി, നാദിർഷ തുടങ്ങിയവരാണ് മലയാളത്തിലെ ആദ്യകാല ചലച്ചിത്രനിരൂപകരിൽ പ്രമുഖർ. കോഴിക്കോടൻ ചിത്രശാല എന്ന പംക്തിയിലൂടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നടത്തിയ സിനിമാ നിരൂപണം ഏറെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. എന്നാൽ ഇവയെല്ലാം തന്നെ വെറും കഥാവിവരണമോ ഉപരിതലസ്പർശിയായ അഭിപ്രായങ്ങളോ ആയി ചുരുങ്ങി. "കഥാവിവരണവും നൃത്തക്കലവി നന്നായി; നന്നായില്ല തുടങ്ങിയ സാമ്പ്രദായികമായ നിരീക്ഷണങ്ങളും കൊണ്ട് ജടിലമായിരുന്ന ഈ ഒന്നാം തലമുറ നിരൂപണം അതിന്റെ ബാലാരിഷ്ടമായ

 ISSN No: 3049-0316 

അവസ്ഥകളിൽനിന്ന് ഒരിക്കലും മാറിയതേയില്ല." (malayal.am/node/12664) രണ്ടാം തലമുറ നിരൂപണമാകട്ടെ, ലോകസിനിമയും മലയാള സിനിമയും തമ്മിലുള്ള താരതമ്യപഠനത്തിൽ അവസാനിച്ചു. ഈ അവസ്ഥയെക്കുറിച്ച് ജി.പി രാമചന്ദ്രൻ പറയുന്നത് ഇങ്ങനെയാണ്. "ലോക ഭാഷകളിൽ പുറത്തുവന്ന നിരൂപണങ്ങളും സൈദ്ധാന്തിക പഠനങ്ങളും പരിഭാഷപ്പെടുത്തിയെങ്കിലും അതിനെ ഉൾക്കൊണ്ടുകൊണ്ട് മലയാള സിനിമയുടെ ചരിത്രവർത്തമാനങ്ങളുടെ പശ്ചാത്തലങ്ങളെ നിർണയിക്കാൻ ആ നിരൂപണവും ശ്രമിച്ചില്ല. ഐ. ഷൺമുഖദാസു മുതൽ വിജയകൃഷ്ണൻ വരെയുള്ളവരുടെ നിരൂപണങ്ങൾ മലയാള സിനിമാ നിരൂപണത്തിന്റെ അന്തസ്സും യശസ്സും ഉയർത്തിയെങ്കിലും അവയും ഈ പരിമിതികളിൽ നിന്ന് മുക്തമായിരുന്നില്ല." (malayal.am/node/12664)

എ. സോമൻ, സി.എസ്. വെങ്കിടേശ്വരൻ, വി.സി. ഹാരിസ്, ഷിബു മുഹമ്മദ്, ഒ.കെ. ജോണി, വി.കെ. ജോസഫ്, ജി.പി. രാമചന്ദ്രൻ തുടങ്ങിയ മൂന്നാംഘട്ട നിരൂപകർ കാഴ്ചകളിലെ രാഷ്ട്രീയത്തെ അന്വേഷിക്കാൻ ശ്രമിച്ചവരാണ്. എങ്കിലും സിനിമയിലെ സൂക്ഷ്മജീവിതങ്ങളെ അവരും അടയാളപ്പെടുത്താതെ പോയി. ഭാഷാഭേദങ്ങൾ, ജാതീയത, പ്രവാസം, ശരീരരാഷ്ട്രീയം, പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെ പ്രതിനിധാനങ്ങൾ തുടങ്ങിയ വിഷയങ്ങൾ പിന്നെയും ബാക്കിയായി. പരസ്യം കിട്ടുന്ന പത്രങ്ങളിലോ മാസികകളിലോ ടെലിവിഷനിലോ വരുന്ന സിനിമാ നിരൂപണങ്ങൾക്ക് വായനക്കാർ വേണ്ടത്ര പരിഗണന നൽകിയോ എന്നതും സംശയമാണ്. അവർ നല്ലതെന്ന് പറഞ്ഞ സിനിമകളെ പ്രേക്ഷകർ തള്ളിക്കളയുന്ന രീതിയും ഉണ്ടായിട്ടുണ്ട്. ഏതായാലും ഒരു ദശാബ്ദക്കാലത്തോളം സിനിമാനിരൂപണത്തിന്റെ ചരിത്രം പരസ്യംകൊടുത്ത് അടക്കിവെക്കാനായി. ആധുനികർ അവശേഷിപ്പിച്ചുപോയ ഈ ശൂന്യത നികത്തിക്കൊണ്ടാണ് ചലച്ചിത്ര നിരൂപണരംഗത്തേക്ക് ഒരു നവതലമുറ കടന്നുവരുന്നത്.

ഇന്ന് സൈബർ ലോകത്തെ നിരൂപകർ സിനിമയെ പല രീതിയിൽ സമീപിക്കുന്നുണ്ട്. സിനിമയ്ക്കുള്ളിലെ സാങ്കേതിക വശങ്ങളെ ഗുണദോഷ വിചിന്തനം നടത്തുന്നവർ, സിനിമയും സമൂഹവും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ടുള്ള സംസ്കാരപഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നവർ ഇങ്ങനെ സോഷ്യൽ മീഡിയ എല്ലാ വ്യക്തികൾക്കും ഇടം നൽകി. സിനിമ കാണുന്ന ഏതൊരാൾക്കുംസിനിമയെക്കുറിച്ച് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ടായി. ഫെയ്സ്ബുക്കിലും മറ്റും ഒരു സിനിമയക്കുറിച്ച് തന്നെ നൂറുകണക്കിന് ആസ്വാദനങ്ങളാണുണ്ടാകുന്നത്. ഇത്തരം ഓൺലൈൻ നിരൂപണം ടോയ്‌ലറ്റ് സാഹിത്യമാണെന്ന് സംവിധായകൻ രഞ്ജിത്ത് അഭിപ്രായപ്പെടുകയുണ്ടായി. രഞ്ജിത്ത് സിനിമകളിലെ സ്ത്രീവിരുദ്ധത സമൂഹമാധ്യമങ്ങളാണ് തുറന്നു കാട്ടിയതെന്നതും ശ്രദ്ധേയമാണ്. ബി. അബൂബക്കർ, എസ്. നരേന്ദ്രൻ, ക്രിസ്പിൻ ജോസഫ്, അൻവർ ഹുസൈൻ, വിശാഖ് ശങ്കർ, കർണൻ, നന്ദകുമാർ, അപർണ പ്രശാന്തി, റോബി കുര്യൻ, വി.എം ദേവദാസ് , അഖില ഹെൻട്രി, മനീഷ് നാരായണൻ തുടങ്ങി എണ്ണിയാൽ തീരാത്തത്രയും നിരൂപകർ സൈബർ ലോകത്തുണ്ട്. മലയാൾ.കോം, ഫിലിമീ ബീറ്റ്.കോം സിനിമ എക്സ്പ്രസ്.കോം, ഫിലിം കമ്പാനിയൻ. ഇൻ, നൗ റണ്ണിംഗ്.കോം, ബിഹൈന്റ് വുഡ്സ് തുടങ്ങിയ വെബ് പോർട്ടലുകൾ, ഉണ്ണി വ്ലോഗ്സ്, മൺസൂൺ മീഡിയ, ഇൻഡ്യൻ സിനിമാ ഗാലറി, സിനിമാക്കാരൻ, ദി മല്ലു അനലിസ്റ്റ് എന്നിങ്ങനെയുള്ള യൂട്യൂബ് ചാനലുകൾ എന്നിവ സിനിമ മാത്രം ചർച്ച ചെയ്യുന്നു. കൊറിയൻ സിനിമകളും വിവിധ ഇന്ത്യൻ ഭാഷാസിനിമകളും (മലയാളമുൾപ്പെടെ) തമ്മിൽ താരതമ്യനിരൂപണം നടത്തി യൂട്യൂബിൽ തരംഗമായ ഓസ്ട്രേലിയക്കാരനാണ് കോറി ഹിൻസ്ചൺ. ഇത്തരത്തിൽ സമൂഹമാധ്യമങ്ങളും ഓൺലൈൻ മീഡിയകളും ചലച്ചിത്ര നിരൂപണത്തിനുള്ള നൂതനസാധ്യതകളാണ് തുറന്നുതരുന്നത്. ഇനി ഇവരിൽ ബി. അബൂബക്കർ, അപർണ പ്രശാന്തി തുടങ്ങിയവരുടെ സിനിമാപഠനങ്ങൾ മുൻനിർത്തി സൈബർ ലോകത്തെ മലയാള ചലച്ചിത്ര നിരൂപണത്തിന്റെ സാധ്യതകൾ കൂടി പരിശോധിക്കാം.

മലയാൾ.എ.എം എന്ന വെബ് പോർട്ടലിൽ ഏറെക്കാലം തുടർച്ചയായി ചലച്ചിത്ര നിരൂപണം നടത്തിയ വ്യക്തിയാണ് ബി. അബൂബക്കർ. സൈബർ ലോകത്തെ ആദ്യകാല നിരൂപകരിൽ ഒരാൾ എന്നതു മാത്രമല്ല അദ്ദേഹത്തിന്റെ പ്രത്യേകത. മലയാള ചലച്ചിത്ര നിരൂപണത്തിൽ സമാനതകളില്ലാത്ത വിധത്തിലുള്ള ചിന്തകളും സമീപനങ്ങളുമാണ് അബൂബക്കറിന്റെ എഴുത്തിനെ വ്യതിരിക്തമാക്കുന്നത്. ഉത്തരാധുനിക സിനിമയുടെ വ്യത്യസ്തതയുടെ ആഘോഷങ്ങളിലെ വൈരുധ്യങ്ങൾ അദ്ദേഹം കണ്ടെത്തി.

ബി.അബൂബക്കർ എന്നത് ഒരു തൂലികാനാമമാണ്. ഓപ്പറേഷൻ ബ്ലൂസ്റ്റാർ, ഡ്രാക്കുള റിപ്പബ്ലിക്, പ്രൈംവിറ്റ്നസ്, ഗതി, കമ്പാർട്ട്മെന്റ്, കോമ, തുടങ്ങിയ അനേകം കുറ്റാന്വേഷണ നോവലുകൾ,

ISSN No: 3049-0316


നാല്പതോളം ചെറുകഥകൾ ലേഖനങ്ങൾ തുടങ്ങിയവ എഴുതിയ അൻവർ അബ്ദുള്ളയാണ് ബി. അബൂബക്കർ. കിണർ, മതിലുകൾ തുടങ്ങിയ സിനിമകളുടെ സംവിധായകൻ കൂടിയാണ് അദ്ദേഹം. റിപ്പോർട്ടർ ടിവിയിൽ ഏറെക്കാലം റിവേഴ്സ് ക്ലാപ്പ് എന്ന പേരിൽ ചലച്ചിത്ര നിരൂപണ പംക്തി കൈകാര്യം ചെയ്തതും അൻവർ അബ്ദുള്ള തന്നെ.

കേവലമായ ചലച്ചിത്ര നിരൂപണ ശ്രമങ്ങൾ അമ്പേ പരാജയപ്പെട്ടു നിൽക്കുന്ന സമയത്താണ് ബി. അബൂബക്കറിന്റെ കടന്നുവരവ്. ഏതെങ്കിലുമൊരു രാഷ്ട്രീയചായ്‌വോടെ തന്റെ ബൗദ്ധികജീവിതത്തെ സുരക്ഷിതമാക്കാനുള്ള ശ്രമം അദ്ദേഹം നടത്തിയില്ല. അബൂബക്കറിന്റെ നിരൂപണങ്ങൾ വായിക്കുമ്പോൾ ഇന്റർനെറ്റിലൂടെയുള്ള സിനിമാനിരൂപണം വെറും ടോയ്‌ലറ്റ് സാഹിത്യമല്ലെന്നും സിനിമയെ രാഷ്ട്രീയമായും ചരിത്രപരമായും വിശകലനം ചെയ്തുകൊണ്ടുള്ള സമീപനങ്ങൾ സൈബർ ലോകത്തുണ്ടാകുന്നുണ്ട് എന്ന ബോധ്യപ്പെടും. കൊടിയടയാളം, സിനിമാ വൻകര, റിവേഴ്സ്ക്ലാപ്പ്, തലതിരിഞ്ഞ വായനകൾ, മഹാനടൻ, ബെസ്റ്റ് ഓഫ് മമ്മൂട്ടി, കൗണ്ടർ ക്ലോസ്, ഫൈൻഡ്യൂവർ എന്നിങ്ങനെ അദ്ദേഹത്തിന്റെ ആറോളം ചലച്ചിത്ര പഠനങ്ങൾ ഇ-ബുക്കുകളായി ആമസോണിൽ ലഭ്യമാണ്. ഇതിൽ കൊടിയടയാളം എന്ന പുസ്തകത്തിൽ 'ടാ തടിയാ - ചില തടിയൻ ചിന്തകൾ' എന്ന ലേഖനത്തിൽ സിനിമയുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള തന്റെ ബോധ്യങ്ങൾ അബൂബക്കർ വിശദീകരിക്കുന്നുണ്ട്. "സിനിമ വെറുമൊരു വിനോദകല എന്നതിനപ്പുറം ഏറ്റവും ജനപ്രിയമായ മാധ്യമവും വിനോദവും കലയും എന്ന നിലയിൽ നമ്മുടെ പൊതുബോധത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന ഒരു സാംസ്കാരികോല്പന്നവുമാണ്. വമ്പിച്ച ഒരു വാണിജ്യവസ്തു കൂടിയാണ് സിനിമ. ഇവയെല്ലാം ചേർന്ന് സിനിമ എന്ന ഉല്പന്നത്തെ, കലയെ, കമ്പോള വസ്തുവിനെ സുപ്രധാനവും സങ്കീർണ്ണവുമായ ഒരു രാഷ്ട്രീയ സാംസ്കാരിക സൂചികയും കൂടി ആക്കുന്നുണ്ട്" (അബൂബക്കർ ബി. 2021:71) സിനിമാനിരൂപണമെന്നത് പൊള്ളയായ വിലയിരുത്തലുകൾക്കപ്പുറത്ത് മറുവായനയെന്നോ പ്രതിവായനയെന്നോ വിളിക്കാവുന്ന കുഴലൂത്തുകൾക്കും തൊട്ടുതലോടലുകൾക്കുമിടയിലെ വ്യക്തമായ വിമതസ്വരങ്ങളുടേത് കൂടിയാണെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ട്. നവതരംഗമെന്ന് പരക്കെ വാഴ്ത്തിപ്പാടിയ ചില വാണിജ്യസിനിമകളുടെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നുണ്ട് അബൂബക്കർ. 'ടാ തടിയാ' എന്ന സിനിമയെക്കുറിച്ച് എഴുതുമ്പോൾ ശരീരത്തെ ആയുധമാക്കിക്കൊണ്ട് പിതൃബിംബ പാരമ്പര്യങ്ങളുടെ അധികാര കീർത്തനമായി ഈ സിനിമ മാറുന്നതെങ്ങനെ എന്നത് വായനക്കാരന് പുതിയ തിരിച്ചറിവായി മാറുന്നു.

സവർണ്ണ ഫ്യൂഡൽ സൗന്ദര്യബോധത്തിന്റെയും അടിമയും ഭൃത്യയും ആകേണ്ടി വരുന്ന ഭാനുമതിമാരുടെയും ഫാൻസ് അസോസിയേഷനുകളും താരപദവികളും താരാധിപത്യവും, പാശ്ചാത്യ സിനിമാ നിരൂപണങ്ങളും സിദ്ധാന്തങ്ങളും പരിഭാഷപ്പെടുത്തിക്കൊണ്ട് രംഗത്തുവന്ന നിരൂപക ദാർശനികതയുടെ ഭാരങ്ങളും ഇല്ലാതാക്കിക്കൊണ്ട്, സിനിമയിലെ വൈവിധ്യങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്താനുള്ള ശ്രമങ്ങളാണ് സൈബർ നിരൂപകർ നടത്തിയത്. അതിന് തുടക്കം കുറിച്ചത് ബി. അബൂബക്കറാണെന്ന് നിസ്സംശയം പറയാം. കൊടിയടയാളം എന്ന പേരിൽത്തന്നെ അത് സിനിമയുടെ രാഷ്ട്രീയവായനയാണെന്ന സൂചനയുണ്ട്. എഴുത്തിന്റെ സൂക്ഷ്മത തലക്കെട്ടിൽ തന്നെ വ്യക്തമാണ്. സിനിമയിലെ ഇസ്ലാം വിരുദ്ധത, ഫെമിനിസം ഉടൽവിപ്ലവം, വർണ്ണവിവേചനം, അരികുവത്ക്കരിക്കപ്പെടുന്നവരെക്കുറിച്ചുള്ള അന്വേഷണങ്ങൾ, ഭക്ഷണത്തിന്റെ രാഷ്ട്രീയം, സിനിമയിലെ മോഷണം, ടെയിൽ എൻഡുകൾ നിർവ്വഹിക്കുന്ന ധർമ്മങ്ങൾ എന്നിങ്ങനെ അനേകവഴിയിലൂടെയാണ് അബൂബക്കറിന്റെ സഞ്ചാരം. ചരിത്രപരവും രാഷ്ട്രീയപരവും സാംസ്കാരികപരവുമായ വായനയും വിശകലനവും പൊളിച്ചെഴുത്തുകളും അത് നൽകുന്ന സൗന്ദര്യവുമാണ് അദ്ദേഹത്തിന്റെ നിരൂപണങ്ങളുടെ പ്രത്യേകത.

'ചാപ്പാക്കുരിശ്-പുതുവഴി വെട്ടുന്നവരോട്' എന്ന ലേഖനമാണ് മലയാൾ.കോമിലൂടെ അബൂബക്കറിന്റേതായി ഒടുവിൽ വന്ന സിനിമാപഠനം. ഈ ലേഖനത്തിൽ അദ്ദേഹം പറയുന്നു. "ലോകസിനിമയുടെ വാതിലുകളെല്ലാം ഡി.വി.ഡി. വിപ്ലവകാലം തുറന്നിട്ടതോടെയുണ്ടായ ആശയ വിസ്ഫോടനവും മൾട്ടിപ്ലക്സ് സംസ്കാരത്തിലേക്കുള്ള മാറ്റത്തിന് അരങ്ങൊരുക്കിക്കൊണ്ട് യുവതയിലുണ്ടായ വിസ്മയകരമായ അഭിരുചി വ്യത്യാസവുമെല്ലാം ചേർന്ന് ഇവിടെ നിശ്ചയമായും ഒരു പുതുവഴി വെട്ടലിനുള്ള ആയുധങ്ങളെല്ലാം ഒരുങ്ങി." (മലയാൾ. എ.എം, 6 സെപ്തംബർ, 2011) അബൂബക്കർ തുറന്നു കൊടുത്ത പുതുവഴിയിലൂടെ ആധുനികതയുടെ കാലംവരെ സിനിമ ബോധപൂർവ്വം മാറ്റിനിർത്തിയവരുടെ കാലം കയറി വന്നു.

 ISSN No: 3049-0316


അഴിമുഖം എന്ന വെബ്പോർട്ടലിൽ 'ഓഫ്ഷോട്ട്സ്'' എന്ന പംക്തിയിലൂടെ സിനിമാ നിരൂപണ രംഗത്തേക്ക് കടന്നുവന്ന അപർണ്ണ ഈ മേഖലയിലെ ശക്തയായ സ്ത്രീ സാന്നിധ്യമാണ്. മലയാളത്തിലെ മുഖ്യധാരാമാധ്യമങ്ങളുടെ ഓൺലൈൻ എഡിഷനുകളിൽ ചലച്ചിത്ര പഠനങ്ങളും വിശകലനങ്ങളും നടത്തുന്ന അപർണയുടെ എഴുത്തുകളെല്ലാം തന്നെ സംസ്കാരപഠനത്തിന്റെ ഉൾക്കരുത്ത് പ്രകടിപ്പിക്കുന്നുണ്ട്. സംസ്കാരവ്യവസായത്തിന്റെ ഉല്പന്നമായി സിനിമയെ തിരിച്ചറിയുകയും സംസ്കാരത്തിന്റെ പൊതുധാര രൂപപ്പെടുത്തുന്നതിൽ ഈ കലാരൂപം സൂക്ഷ്മരൂപത്തിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് കണ്ടെത്തുകയും ചെയ്യുന്ന അപർണ .

ആമസോൺ, നെറ്റ്ഫ്ളിക്സ് തുടങ്ങിയ ഒ.ടി.ടി പ്ലാറ്റ് ഫോമുകളിൽ ഇറങ്ങുന്ന സിനിമകളുടെയും അന്യഭാഷകളിലുള്ള വെബ് സീരീസുകളുടെയും മറ്റും കടന്നുവരവ് മലയാളികളുടെ സിനിമാസ്വാദന രീതികളെ തന്നെ മാറ്റിമറിക്കുകയും വലിയ ചലനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതിനെക്കുറിച്ച് അപർണ്ണ നിരന്തരം എഴുതുന്നു. കൊറിയൻ മാനിയ ഇന്ത്യയിൽ പടർന്നുപിടിച്ചതിന്റെ ചരിത്രമാനങ്ങളും അപർണ്ണ കണ്ടെത്തുന്നുണ്ട്. ബോളിവുഡ് ആധിപത്യമുണ്ടായിരുന്ന ഇന്ത്യയിൽ, രണ്ടായിരത്തോടെ പട്ടാളഭരണത്തിന്റെ ഭാഗമായി മണിപ്പൂരിൽ സിനിമ അടക്കമുള്ള വിനോദോപാധികൾക്ക് നിരോധനം ഏർപ്പെടുത്തിയതും ആ ശൂന്യതയിലേക്ക് ബോളീവുഡിനേക്കാൾ മണിപ്പൂരിസംസ്കാരവുമായി ചേർന്ന് നിന്ന കെ-മാനിയ രൂപപ്പെട്ടുവെന്നും അത് പിന്നീട് ഇന്ത്യ മുഴുവൻ തരംഗമായി മാറിയെന്നും അവർ നിരീക്ഷിക്കുന്നു. അതോടൊപ്പം ഭാഷയുടെയും സംസ്കാരങ്ങളുടെയും വേലിക്കെട്ടുകൾ പൊളിച്ചെറിഞ്ഞു കൊണ്ടുള്ള സിനിമയുടെ വളർച്ച കണക്കുകൾനിരത്തി സൂക്ഷ്മമായി അവർ വിശകലനം ചെയ്യുന്നു. ചലച്ചിത്രഗാനങ്ങളുടെ രാഷ്ട്രീയം, ഫാൻസ് അസോസിയേഷനുകളുടെ കടന്നുകയറ്റം, ജാതീയവും ലിംഗപരവുമായ പ്രാതിനിധ്യങ്ങൾ, പരീക്ഷണങ്ങൾ, ഡീറ്റെയിലിംഗ്, ക്ലീഷേകൾ തുടങ്ങി സിനിമയെ സാങ്കേതികപരമായും സാംസ്കാരികപരമായും പരിശോധിക്കുന്ന ഒട്ടനവധി ലേഖനങ്ങൾ അപർണയെ ശ്രദ്ധേയമാക്കുന്നു.

സിനിമ സാങ്കേതികമായും ഇതിവൃത്തപരമായും ആഖ്യാനപരമായുമൊക്കെ പുതുമകൾ തേടുന്ന ഇക്കാലത്ത് അവയെ കൃത്യമായി നിർണയിക്കാനുള്ള ശ്രമങ്ങൾ ചുരുക്കം ചില സൈബർനിരൂപകരുടെ ഭാഗത്തു നിന്നും ഉണ്ടാവുന്നുണ്ട്. ബഹുവിധമായ സഞ്ചാര മാർഗ്ഗങ്ങളാണ് ഇവർ തുറന്നിടുന്നത്. മറ്റേതൊരു സാഹിത്യരൂപത്തേക്കാളും ജനകീയത സിനിമയ്ക്കുണ്ട്. അതുകൊണ്ട് തന്നെ മറ്റനേകം വിഷയങ്ങളോടൊപ്പം സൈബർ ലോകത്തിൽ സജീവമായിക്കഴിഞ്ഞ സിനിമാ സംബന്ധിയായ ബ്ലോഗുകളും വെബ് പോർട്ടലുകളും യൂട്യൂബ് ചാനലുകളും നിർവഹിക്കുന്ന പുതിയ സംവേദനശീലങ്ങളെയും വായനാരീതികളെയും കാണാതിരിക്കാനാവില്ല.കാരണം സിനിമകളിൽ ഒളിപ്പിച്ചു വെച്ച താൽപ്പര്യങ്ങളെയും സൂക്ഷ്മമായ അധികാര പ്രയോഗങ്ങളെയും ഗൂഢരാഷ്ട്രീയത്തെയും അവ സ്വതന്ത്രമായി തുറന്നുകാട്ടുന്നുണ്ട്. അക്കാദമിക് പാണ്ഡിത്യമോ പ്രേക്ഷകരുടെ അഭിരുചി ശുദ്ധീകരിക്കുന്നതിനുള്ള കഴിവോ ഉണ്ടാവുക എന്നതിനേക്കാൾ ഒരു പൊതുമണ്ഡലത്തെ സജീവമാക്കുക; പരിശോധിച്ച സിനിമകളിലെ സാംസ്കാരികവും സൗന്ദര്യാത്മകവുമായ വിനോദ മൂല്യങ്ങളെ വിലയിരുത്തുന്നതിലും അവയിലെ സൂക്ഷ്മരാഷ്ട്രീയം കണ്ടെത്തുന്നതിലുമാണ് സൈബർ നിരൂപകർ ശ്രദ്ധയൂന്നുന്നത് എന്ന് കാണാനാവും. ഡിജിറ്റൽ മീഡിയയുടെ വളർച്ച വിമർശനത്തിന്റെ ഈ ലക്ഷ്യങ്ങളെ സ്വാധീനിക്കുകയും ഊർജ്ജസ്വലമാക്കുകയും ചെയ്യുന്നു.

### ഗ്രന്ഥസൂചി

1. Eagleton,T.,The function of criticism,Versobooks,2005
2. Mattias Frey, CeciliaSayad,ed., Film Criticism in the Digital age, Rutgers, The State University,2015
3. McDonald,R., Death of the critic, Continuum International Publishing Group Ltd,2008
4. അബൂബക്കർ ബി., കൊടിയടയാളം, ബുക്ക്പെക്കർ, 2021
5. സുനീത ടി.വി., സൈബർ കഥകളിലെ സ്ത്രീ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015
6. സുനീത ടി.വി., ഇ- മലയാളം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012

### വെബ്സൈറ്റ്

1. മനോരമ ഓൺലൈൻ. 19 ഒക്ടോബർ, 2021
2. മലയാൾ. എ.എം, 06 സെപ്റ്റംബർ, 2011